"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - ഈഞ്ചക്കൽ - ശ്രീവരാഹം - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28(എ) പ്രകാരമുള്ള തുക കക്ഷികളായ ശ്രീ. കെ. പി. സുരേഷ്, ശ്രീമതി ടീന സദൻ എന്നിവർക്ക് '4217-60-800-93 (Plan)' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിനുള്ള ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1881/2024/LSGD തീയതി, തിരുവനന്തപുരം, 09-10-2024**

---

പരാമർശം:-

1). ബഹു. തിരുവനന്തപുരം സബ് കോടതിയുടെ എൽ.എ.ആർ. 58/2009 നമ്പർ കേസിന്മേലുള്ള 09/10/2018-ലെ വിധിന്യായം.

2). സ.ഉ.(പി)നം.32/2019/ധന തീയതി 18/03/2019.

3). തിരുവനന്തപുരം ജില്ലാ കളക്ടറുടെ 20/07/2024 തീയതിയിലെ കെ16-191095/19 നമ്പർ നടപടിക്രമം.

4). തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 12/08/2024 തീയതിയിലെ എ3/2411/2024/ട്രിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ഈഞ്ചക്കൽ - ശ്രീവരാഹം - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28(എ) പ്രകാരം കക്ഷികളായ ശ്രീ. കെ. പി. സുരേഷ്, ശ്രീമതി ടീന സദൻ എന്നിവർ സമർപ്പിച്ച അപേക്ഷയിൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 18,53,556/- രൂപ (പതിനെട്ട് ലക്ഷത്തി അമ്പത്തിമൂവായിരത്തി അഞ്ഞൂറ്റിഅമ്പത്തിയാറ് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (4) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ഈഞ്ചക്കൽ - ശ്രീവരാഹം - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ പേട്ട വില്ലേജിൽ സർവ്വേ നം. 1642/1 (എൽ.എ. സർവ്വേ നം. 1642/15)-ൽപ്പെട്ട 00.25 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ബഹു. തിരുവനന്തപുരം സബ് കോടതിയുടെ പരാമർശം (1) വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ

18,53,556/- രൂപ (പതിനെട്ട് ലക്ഷത്തി അമ്പത്തിമൂവായിരത്തി അഞ്ഞൂറ്റിഅമ്പത്തിയാറ് രൂപ മാത്രം) '4217-60-800-93 (Plan)' എന്ന ശീർഷകത്തിൽ നിന്നും ശ്രീ. കെ. പി. സുരേഷ് (റ്റി.സി. 42/243, ഷീനാസ്, മണക്കാട്, തിരുവനന്തപുരം), ശ്രീമതി ടീന സദൻ (റ്റി.സി. 42/243, ഷീനാസ്, മണക്കാട്, തിരുവനന്തപുരം) എന്നീ കക്ഷികൾക്ക് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. കെ. പി. സുരേഷ്, റ്റി.സി. 42/243, ഷീനാസ്, മണക്കാട്, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ശ്രീമതി ടീന സദൻ, റ്റി.സി. 42/243, ഷീനാസ്, മണക്കാട്, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ. &പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/296/2024/ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 10-10-2024 10:46:03

സെക്ഷൻ ഓഫീസർ